# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 3038** **07.02.2018- ൽ മറുപടിയ്ക്ക്**

## ചിറ്റൂർ നിയോജകമണ്ഡലത്തിൽ സ്മാർട്ട് ക്ലാസ് റൂം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.കൃഷ്ണൻകുട്ടി** | പ്രൊഫ സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ചിറ്റൂർ നിയോജകമണ്ഡലത്തിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതി നടപ്പിലാക്കാനായി ഏതെല്ലാം സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്ത മാക്കുമോ; | എ) ചിറ്റൂർ നിയോജക മണ്ഡലത്തിലെ 33 സ്കൂളുകളെയാണ് സ്മാർട്ട് ക്ലാസ് റൂം പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. സ്കൂളുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ബി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ ആധുനികവത്ക്കരിക്കുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാന പദ്ധതികളിലൊന്നാണ് 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുക എന്നത്. സംസ്ഥാനത്തെ 4775 സർക്കാർ , എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി - വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ ഹൈടെക് ആക്കുന്ന പദ്ധതി 2018 ജനുവരി 22 ന് ആരംഭിച്ചു. 2018 ജൂൺ 1 ന മുൻപ് 45000 ക്ലാസ് മുറികളിലേയ്ക്ക് ഐ.സി.ടി.ഉപകരണ വിതരണം പൂർത്തിയാക്കത്തക്കവിധത്തിൽ പ്രവർത്തനങ്ങൾ നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ